പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4848

01.07.2013 ലെ മറുപടിയ്ക്ക്

# ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ബി. സത്യൻ | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| **(എ)** ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ എപ്പോഴാണെന്നും ഏത് തലത്തിലാണെന്നും വിശദമാക്കുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നിർദ്ദേശ പ്രകാരം ഓരോ ആറുമാസം കൂടുമ്പോഴും റ്റി.ബി.ജി.ആർ.ഐ യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള റിസർച്ച് കൗൺസിൽ വിലയിരുത്താറുണ്ട്. റിസർച്ച് കൗൺസിലിന്റെ നിർദ്ദേശപ്രകാരമാണ് പ്രവർത്തനങ്ങൾ തുടരുന്നത്. 2013 ജൂൺ 11,12,13 തീയതികളിലാണ് പ്രൊഫ. എച്ച്. വൈ മോഹൻ റാം ചെയർമാനായുള്ള റിസർച്ച് കൗൺസിൽ ഏറ്റവും ഒടുവിൽ യോഗം കൂടി വിലയിരുത്തൽ നടത്തിയത് |
| **(ബി)** സസ്യസമ്പത്തിന്റെ സംരക്ഷണത്തിനും ഉപയോഗത്തിനും ലക്ഷ്യമിട്ട പുതിയ പദ്ധതികൾ ഏവ; അവ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; ഈ വർഷം പുതിയ എന്തെല്ലാം സാങ്കേതിക വിദ്യയ്ക്ക് രൂപം നൽകുകയുണ്ടായി; | (ബി) കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ വനിതകൾക്കായുള്ള ഔഷധ പരിശീലനവും വ്യാപനവും, കേരളത്തിലെ ഭക്ഷ്യ ഔഷധ സസ്യങ്ങളുടെ ക്രോഡീകരണം എന്നിവയാണ് സസ്യ സമ്പത്തിന്റെ സംരക്ഷണത്തിനും ഉപയോഗത്തിനും ലക്ഷ്യമിട്ട പുതിയ പദ്ധതികൾ. ഇവ രണ്ടും പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഈ വർഷം പുതിയ സാങ്കേതിക വിദ്യകൾ രൂപം നൽകിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | |
|---|---|
| (സി) ഈ സ്ഥാപനത്തിനായുള്ള നിക്ഷേപവും പ്രയോജനവും വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഉണ്ട്. സർക്കാരിന്റെ സാമ്പത്തിക നിബന്ധനകൾ പ്രകാരം റ്റി.ബി.ജി ആർ ഐ യുടെ നിക്ഷേപവും പ്രയോജനവും വിലയിരുത്തിക്കൊണ്ടുള്ള ഓഡിറ്റിംഗ് എല്ലാ വർഷവും നടത്തി വരുന്നുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗിൽ റ്റി.ബി.ജി ആർ ഐ യുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ